"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ വകുപ്പ് - അസറ്റ് മെയിന്റനൻസ് ഫണ്ട് - മെഡിക്കൽ വിദ്യാഭ്യാസം -2022-23 സാമ്പത്തിക വർഷത്തിൽ കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ ഭരണാനുമതി നൽകിയ വിവിധ പരിപാലന പ്രവൃത്തികൾ - "Renovation of Pay Ward Toilet Block in 4th Floor and Rearranging existing sewer lines at O&G and amp; G Block" എന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി - നീട്ടി നൽകിക്കൊണ്ട് ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.1257/2026/H&FWD തീയതി,തിരുവനന്തപുരം, 27-03-2026

---

പരാമർശം:-

1. സ.ഉ.(സാധാ) നം.760/2023/ആ.കു.വ. തീയതി 30.03.2023
2. സ.ഉ.(സാധാ) നം.961/2025/ആ.കു.വ. തീയതി 29.03.2025
3. സ.ഉ.(സാധാ) നം.3592/2025/ആ.കു.വ. തീയതി 14.11.2025
4. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 25.03.2026 തീയതിയിലെ എ3/2193/2022/മെ.വി.വ. നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (1)ലെ സർക്കാർ ഉത്തരവ് പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ 12 വിവിധ പ്രവൃത്തികൾ ചെയ്യുന്നതിനായി അസറ്റ് മെയിൻറനൻസ് ഫണ്ടിനു കീഴിൽ ₹2,56,60,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തികൾ നിശ്ചിത കാലാവധിയായ 31.03.2024-ന് മുൻപായി പൂർത്തീകരിക്കുവാൻ കഴിയാതിരുന്ന സാഹചര്യത്തിൽ പ്രവൃത്തികൾ പൂർത്തികരിക്കുന്നതിനുള്ള കാലാവധി പരാമർശം (2) ഉത്തരവ് പ്രകാരം 30.09.2025 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. ഇപ്രകാരം നീട്ടി നൽകിയിരുന്ന കാലാവധിക്കുള്ളിലും എല്ലാ പ്രവൃത്തികളും പൂർത്തിയാക്കാൻ സാധിക്കാതിരുന്നതിനെ തുടർന്ന് പരാമർശം (1) ഭരണാനുമതി ഉത്തരവിലെ ക്രമ നം. 1, 4, 5, 12 എന്നീ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി പരാമർശം (3) പ്രകാരം 31.12.2025 വരെയും ദീർഘിപ്പിച്ച് നൽകിയിരുന്നു.

**2.** പരാമർശം (1) ഭരണാനുമതി ഉത്തരവിൽ ക്രമ നം.12 ആയി ഉൾപ്പെടുത്തിയിട്ടുള്ള "Renovation of Pay Ward Toilet Block in 4th Floor and Rearranging existing sewer lines at O&G and amp; G Block" എന്ന പ്രവൃത്തി സ്ഥലം കരാറുകാരന് 18/07/2025 തീയതി വിട്ട് നൽകി പ്രവൃത്തി ആരംഭിച്ചിരുന്നുവെങ്കിലും ടി പ്രവൃത്തി 01/01/2026 തീയതിയിലാണ് പൂർത്തീകരിച്ചതെന്നും, പെയിന്റിംഗ് പ്രവൃത്തി നടക്കുന്ന മുറ്റം ഭാഗത്ത് രോഗികളും കൂട്ടിരിപ്പുകാരും നിരന്തരം പ്രവേശിച്ചതിനാലാണ് ടി പ്രവൃത്തി 31/12/2025 തീയതിയിൽ പൂർത്തീകരിക്കാൻ സാധിക്കാതിരുന്നതെന്നും ആയതിനാൽ ടി പ്രവൃത്തിയുടെ ഭരണാനുമതി കാലാവധി 03/01/2026 തീയതി വരെ ദീർഘിപ്പിച്ച് നൽകണമെന്ന പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ്

എഞ്ചിനീയറുടെ ആവശ്യം കോട്ടയം മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ശിപാർശ ചെയ്തിട്ടുള്ളതായി പരാമർശം (4) പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അറിയിക്കുകയുണ്ടായി. മേൽ സാഹചര്യത്തിൽ, 'Renovation of Pay Ward Toilet Block in 4th Floor and Re-arranging existing sewer lines at O&G and amp: G Block (ക്രമ നം. 12)' എന്ന പ്രവൃത്തിയുടെ കാലാവധി 03.01.2026 തീയതി വരെ ദീർഘിപ്പിച്ച് നൽകണമെന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം അസറ്റ് മെയിൻറനൻസ് ഫണ്ടിനു കീഴിൽ കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ വിവിധ പ്രവൃത്തികൾ ചെയ്യുന്നതിനു നൽകിയ ഭരണാനുമതിയിൽ ക്രമ നമ്പർ 12 ആയി ഉൾപ്പെട്ട 'Renovation of Pay Ward Toilet Block in 4th Floor and Re-arranging existing sewer lines at O&G and amp: G Block' എന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 03/01/2026 തീയതി വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. മേൽ ഭേദഗതിയോടെ പരാമർശം (1), (2), (3) എന്നീ സർക്കാർ ഉത്തരവുകൾ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
അഡിഷണൽ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ, സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം), കോട്ടയം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ (ഹെൽത്ത് - എ) വകുപ്പ്
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി (P3/205/2022-HEALTH-Part(1) )

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 30-03-2026 11:07:37
സെക്ഷൻ ഓഫീസർ